## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 3006 03.04.2013- ലെ മറുപടിക്ക്

## പദ്ധതി തുക ഒരുമിച്ച് ചെലവിടുന്നതിന് നിയന്ത്രണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ: | | **ശ്രീ. കെ.സി. ജോസഫ്** (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം പദ്ധതി തുക ഒരുമിച്ച് ചെലവിടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത് ; | (ബി) | വാർഷിക പദ്ധതി സാമ്പത്തിക വർഷാവസാനം ഒന്നിച്ച് ചെലവഴിക്കുന്ന പ്രവണത കണ്ടുവരുന്നതിനാൽ ഇക്കാര്യത്തിൽ ചില മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നല്കുകയുണ്ടായി. ഇതനു സരിച്ച് ജൂൺ അവസാനംവരെ 10 ശതമാനവും സെപ്തംബർ അവസാനം വരെ 30 ശതമാനവും ഡിസംബർ അവസാനം വരെ 60 ശതമാനവും മാർച്ച് അവസാനത്തിൽ 100 ശതമാനവും ചെലവഴിക്കണമെന്നാണ് നിഷ്കർച്ചിട്ടുളളത്. |
| (സി) | പ്രസ്തുത നിയന്ത്രണങ്ങൾ ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എപ്രകാരമുളള നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; | (സി) | ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | നടപ്പു സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി യിട്ടുള്ള സംസ്ഥാനാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിനായി മാറ്റി വച്ചിട്ടുള്ള തുക എത്ര ; ആയതിൽ നാളിതുവരെ എന്ത് തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ; അതിൽ എത്ര തുക ഇതേവരെ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ ചെലവഴിച്ചു ; | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുളള സംസ്ഥാനാവിഷ്കൃ തവും കേന്ദ്രാവിഷ്കൃതവുമായ പദ്ധതികൾക്കുളള സംസ്ഥാന വിഹിതമായി 2012-13 വാർഷിക പദ്ധതി യിൽ 1006.37 കോടി രൂപ വകയിരുത്തി യിട്ടുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ഇ) | നിലവിലെ സംസ്ഥാന ആസൂ ത്രണ ബോർഡ് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാത്തതു കൊണ്ടാണ് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളിലെ പദ്ധതി രൂപീകരണം വൈകുന്നതും കൃത്യസമയത്ത് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് നൽകിയ തുക യഥാ സമയം ചെലവഴിക്കാൻ കഴിയാ ത്തതും എന്ന വസ്തുത ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; വിശദമാ ക്കുമോ ? | (ഇ) | ഇല്ല. |

(signature)

**സെക്ഷൻ ഓഫീസർ.**